## പതിനാലാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.1235** **04.02.2019 -ൽ മറുപടിയ്ക്ക്**

### സ്കൂളുകളുടെ വിശദവിവരങ്ങൾ ക്രോഡീകരിച്ച് വെബ് സൈറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.എൻ.എ ഖാദർ** | പ്രൊഫ: സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്തെ എൽ.പി., യു.പി., ഹയർ സെക്കണ്ടറി വിഭാഗങ്ങളിലുള്ള എല്ലാ വിദ്യാലയങ്ങളുടെയും വിശദവിവരങ്ങൾ ക്രോഡീകരിച്ച് ഓൺലൈനായി ലഭ്യമാക്കുന്ന തരത്തിൽ ഒരു വെബ്സൈറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | എ) സംസ്ഥാനത്തെ വിദ്യാലയങ്ങളുടെ അടിസ്ഥാന വിവരങ്ങളിൽ ക്യാമ്പസിലെ വിവിധ വിഭാഗങ്ങളുടെ സ്കൂൾ കോഡുകൾ, പാർലമെന്റ്-അസംബ്ലി-തദ്ദേശ സ്ഥാപനം എന്നിവയുടെ പേര്, വിലാസം തുടങ്ങിയവ ഉൾപ്പെടെ അമ്പതിലധികം ഭൗതിക സൗകര്യവിവരങ്ങളും അദ്ധ്യാപകരുടെയും അദ്ധ്യാപകേതര ജീവനക്കാരുടെയും തസ്തികയും പേരും, വിദ്യാർത്ഥികളുടെ ക്ലാസ്, മീഡിയം തിരിച്ചുള്ള എണ്ണം തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ട് ഒരു വെബ് പോർട്ടൽ സജ്ജമാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിൽ സ്കൂളുകൾ നേരിട്ട് സെർച്ച് ചെയ്യാനും, പാർലമെന്റ്-അസംബ്ലി മണ്ഡലങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ ജില്ലകൾ തുടങ്ങിയവ തിരിച്ച് റിപ്പോർട്ടുകൾ കാണാനും സൗകര്യമൊരുക്കുന്നുണ്ട്. പോർട്ടലിന്റെ ഹോം പേജിൽ സംസ്ഥാനതല ക്രോഡീകൃത വിവരങ്ങൾ ഡാഷ് ബോർഡും ലഭ്യമാക്കും. |
| ബി) ഈ സംവിധാനം തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതല പ്പെടുത്തിയത്; ഇതിലേക്കായി സർക്കാരിന് ചെലവായ തുകയെത്രയെന്ന് വെളിപ്പെടുത്തുമോ;<br>സി) ഏത് ശീർഷകത്തിലാണ് ഈ ചെലവ് വകയിരുത്തിയത് എന്ന് വ്യക്ത മാക്കുമോ? | ബി & സി) പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) ആണ് ഈ സംവിധാനം തയ്യാറാക്കുന്നത്. ഇതിനായി പ്രത്യേക തുക ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ